## ഇൻഫർമേഷൻ കേരള മിഷൻ

11 (*191) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം മിഷൻ പൂർത്തീകരിച്ച പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമപഞ്ചായത്തുകളുടെ വരവുചെലവുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്ത് ഡയറക്ടറേറ്റിൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച ഡാറ്റാബേസുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) കേരളത്തിലെ 1209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, നഗരകാര്യ-പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ജില്ലാ റീജിയണൽ ഓഫീസുകൾ എന്നിവയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക എന്നതാണ് ഇൻഫർമേഷൻ കേരള മിഷന്റെ പ്രധാന ഉദ്ദേശം.

(ബി) കഴിഞ്ഞ വർഷം ഇൻഫർമേഷൻ കേരള മിഷൻ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

- സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പ്യൂട്ടർവത്ക്കരിച്ച് 757 പഞ്ചായത്തുകളിലും എല്ലാ നഗരസഭകളിലും ഇലക്ട്രോണിക് മണി ഓർഡർ മുഖേന വിതരണത്തിന് സംവിധാനം തയ്യാറാക്കി.
- മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സുഗമ സോഫ്റ്റ്വെയർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിച്ചു.
- വസ്തു നികുതി വിവരങ്ങൾ തദ്ദേശസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രവർത്തനം തിരുവനന്തപുരം നഗരസഭയിൽ പൂർത്തീകരിച്ചു.
- എല്ലാ നഗരസഭകളുടെയും കഡസ്ട്രൽ അടിസ്ഥാനത്തിലുള്ള ഭൂപടങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് വെബ്സൈറ്റ് തയ്യാറാക്കൽ, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് കമ്പ്യൂട്ടർവൽക്കരിക്കൽ, പഞ്ചായത്തുകളിലേയും നഗരസഭകളിലേയും മരാമത്ത് പണികളുടെ എസ്റ്റിമേറ്റ്, റവന്യൂ സംവിധാനങ്ങൾ എന്നിവ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പ്രവർത്തനം എന്നിവയാണ് ഈ വർഷം നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(സി) ഗ്രാമപഞ്ചായത്തുകളുടെ വരവ് ചെലവ് കണക്കുകൾ ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതിയിൽ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി സാംഖ്യ സോഫ്റ്റ്വെയർ ഐ.കെ.എം. തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ 1, 2011 മുതൽ ഇത് പഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 2008-09 വരെയുള്ള ക്രഡിറ്റ് കാർഡ് തയ്യാറായിട്ടുണ്ട്. 2009-10-ലെ വിവരങ്ങൾ പൂർത്തിയാക്കിവരുന്നു.

(ഇ) തൊള്ളായിരത്തിലധികം ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബേസുകൾ പൂർത്തിയായിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽ ഇത് തയ്യാറാക്കിവരുന്നു.

**മത്സ്യകേരളം പദ്ധതി**

12 (*182) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകേരളം പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിലൂടെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര ഹെക്ടറിൽ മത്സ്യ കൃഷി നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു;

(സി) സംസ്ഥാനത്ത് മത്സ്യവിത്തു പരിപാലന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം ഇനങ്ങളിൽപ്പെട്ട മത്സ്യവിത്തുകളെയാണ് ഈ യൂണിറ്റുകളിൽ പരിപാലിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) 2008-09 മുതൽ സംസ്ഥാനത്ത് മത്സ്യകേരളം പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിലൂടെ 2200 ടൺ ചെമ്മീനും 2395 ടൺ കല്ലുമ്മക്കായും 8 ടൺ കരിമീനും 1 ടൺ ഞണ്ടും ഉൾപ്പെടെ ആകെ 4604 ടൺ അധിക ഉൽപ്പാദനം നടത്താൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly